ഭരണഭാഷ-മാതൃഭാഷ

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എഡി എ1/97425/ഹ.സെ.വി/2017 തീയതി : 16/03/2018

## സർക്കുലർ

വിഷയം: ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ഓഫീസ്കാര്യം - സർക്കാർ വകുപ്പിൽ ദുരന്ത ലഘൂകരണ സാങ്കല്പിക കേഡർ - രൂപിക്കുന്നത് - സന്നദ്ധത അറിയിക്കുന്നത് - സംബന്ധിച്ച്

സൂചന : 25/11/2017 തീയതിയിലെ സ.ഉ(സാധാ) നമ്പർ 56/2017/ ഡി.എം.ഡി. നമ്പർ ഗവ.ഉത്തരവ്.

സൂചന പ്രകാരം 25 സർക്കാർ വകുപ്പുകളിൽ ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം 15 ജീവനക്കാർ ഉൾപ്പെടുന്ന ദുരന്ത ലഘൂകരണ സാങ്കല്പിക കേഡർ സൃഷ്ടിക്കുന്നതിനായി നിർദ്ദേശിച്ചിരിക്കുന്നു. (ഒരു ജില്ലയിൽ ഒരു ഉദ്യോഗസ്ഥനെന്ന കണക്കിൽ 14 പേരും, സംസ്ഥാന തലത്തിൽ ഒരു ഉദ്യോഗസ്ഥനും) ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.

1. സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ സംസ്ഥാന കാര്യാലയത്തിൽ പ്രവർത്തിക്കുന്നവരായിരിക്കണം.
2. അംഗീകൃത സർവ്വകലാശാലാ ബിരുദം
3. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 2018 ജനുവരിയിൽ 20 വർഷ സേവന കാലാവധി ബാക്കി ഉണ്ടാകണം.
4. നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് പ്രത്യേക സാമ്പത്തിക അലവൻസുകൾ ഉണ്ടായിരിക്കുന്നതല്ല.
5. അടിയന്തിര സാഹചര്യങ്ങളിൽ പ്രവർത്തിക്കാനുള്ള സന്നദ്ധത ഉള്ളവരാകണം നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ.

6. ഈ കേഡറിൽ നിയോഗിക്കപ്പെടുന്നവർക്ക് അതാത് മേഖലയിലെ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ദേശീയ/അന്തർ ദേശീയ പരിശീലനങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുഖേന ലഭ്യമാക്കുന്നതാണ്.

ദുരന്ത നിവാരണ സാങ്കല്പിക കേഡറിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിന് താല്പര്യമുള്ള ജീവനക്കാർ/അദ്ധ്യാപകർ പ്രസ്തുത വിവരം (പേര്, തസ്തിക, ഓഫീസ്, മൊബൈൽ നമ്പർ, & ജില്ല ഉൾപ്പെടെ) 31/03/2018 തീയതി 5.00 പി.എം–ന് മുമ്പായി ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്.(തപാൽ മുഖേന/നേരിട്ട്)

ഡയറക്ടർ